പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1613 02.07.2015-ൽ മറുപടിക്ക്

**ശുചിത്വമിഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ. | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി) |
| (എ) ഗ്രാമത്തിലും നഗരത്തിലുമുള്ള എല്ലാ കുടുംബങ്ങൾക്കും ശുചീകരണ സംബന്ധമായ സൗകര്യം നൽകാൻ ശുചിത്വമിഷൻ തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) ഗ്രാമത്തിലും നഗരത്തിലുമുള്ള എല്ലാ കുടുംബങ്ങൾക്കും ശുചീകരണ സംബന്ധമായ സൗകര്യം ഒരുക്കുന്നതിലേക്കായി ശുചിത്വമിഷൻ ഗ്രാമപഞ്ചായത്ത്, നഗരസഭകൾ മുഖേന ഗാർഹിക തല ഉറവിടമാലിന്യ പരിപാലന പദ്ധതികൾ നടപ്പിലാക്കിവരുന്നു. അതുപോലെ ഗാർഹികതലത്തിൽ മാലിന്യം സംസ്കരിക്കുന്നതിന് സൗകര്യമില്ലാത്ത കുടുംബങ്ങൾക്കും പ്രയോജനപ്പെടാവുന്ന വിധം കമ്മ്യൂണിറ്റി തലത്തിൽ/തദ്ദേശസ്വയം ഭരണ സ്ഥാപന തലത്തിൽ പൊതുമാലിന്യ പരിപാലന സംവിധാനം സൃഷ്ടിക്കുന്നതിനുമുള്ള നിലവിലുള്ളവ മെച്ചപ്പെടുത്തുന്നതിനും പദ്ധതികൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നുണ്ട്. ഇതു കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ്ഭാരത് മിഷൻ (ഗ്രാമീൺ) സ്വച്ഛ്ഭാരത് മിഷൻ (അർബൻ) എന്നീ പദ്ധതികളുടെ ഭാഗമായി നോഡൽ ഏജൻസിയായ ശുചിത്വമിഷൻ ഗ്രാമ പഞ്ചായത്ത്, നഗരസഭകൾ മുഖേന വ്യക്തിഗത ഗാർഹിക കക്കൂസ് നിർമ്മാണം, കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സുകൾ, ഖര- ദ്രവ മാലിന്യ പരിപാലനം എന്നിവയും കുടുംബ തല ശുചീകരണ സൗകര്യം ഒരുക്കുന്നതിലേക്കായി നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ